LIBRARY ARCHIVES Kerala Legislative Assembly

വിദേശരാജ്യങ്ങളിലേക്ക് പോകുന്ന ഉദ്യോഗാർത്ഥികളെ പീഡിപ്പിക്കുന്ന ഏജൻസികൾ

103 (4138) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമിഗ്രേഷൻ ക്ലിയറൻസിനുൾപ്പെടെ വിദേശരാജ്യങ്ങളിലേക്ക് ജോലിക്ക് പോകേണ്ട ഉദ്യോഗാർത്ഥികളെ ഏജൻസികൾ സാമ്പത്തികമായും മാനസികമായും പീഡിപ്പിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശ ജോലിക്ക് റിക്രൂട്ടിംഗ് നടത്തുന്ന സ്വകാര്യ ഏജൻസികൾ തൊഴിലന്വേഷകരെ കബളിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, പോലീസ് ആസ്ഥാനത്തെ എൻ.ആർ.ഐ. സെൽ, ജില്ല പോലീസ് മേധാവികൾ എന്നിവർ മുഖാന്തരം അന്വേഷിച്ച് കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഏജൻസികൾക്കെതിരെ സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. ആഭ്യന്തര വകുപ്പിന്റെ കീഴിൽ പോലീസ് ആസ്ഥാനത്ത് എൻ.ആർ.ഐ. സെല്ലിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ പ്രവർത്തിച്ചുവരുന്നതും വിവിധ ദൃശ്യ - ശ്രവണ-അച്ചടി മാധ്യമങ്ങളിലൂടെ നിരന്തരം ഇത്തരം തട്ടിപ്പുകളെക്കുറിച്ച് അറിയിപ്പു കൊടുത്തുവരുന്നതുമാണ്. പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ "Awareness campaign on illegal recruitment & VISA check" എന്ന ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം എന്ന ഒരു പദ്ധതിയും നിലവിലുണ്ട്. വിദേശത്തേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് അമിത സർവ്വീസ് ചാർജ്ജും തൊഴിൽ തട്ടിപ്പും ചൂഷണവും കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നതിനെ തുടർന്ന് കേന്ദ്ര സർക്കാർ നൂതന ഓൺലൈൻ സംവിധാനമായ ഇ - മൈഗ്രേറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.